"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

നംDB1/203/2021-LSGD

തദ്ദേശസ്വയംഭരണ(ഡിബി) വകുപ്പ്

തിരുവനന്തപുരം,

തീയതി: 09/09/2021

## സർക്കുലർ

വിഷയം:- തസ്വഭവ-ലൈഫ് മിഷൻ -100 ദിന കർമ്മ പരിപാടി-ലൈഫ് ഭവന പദ്ധതിയിൽ നിർമ്മാണം പൂർത്തീകരിച്ച വീട്ടുകളുടെ ഗൃഹപ്രവേശനം/പൂർത്തീകരണ പ്രഖ്യാപന ചടങ്ങ് തദ്ദേശസ്ഥാപനതലത്തിൽ (വീടുകളിൽ) സംഘടിപ്പിക്കൽ-മാർഗ്ഗ നിർദ്ദേശങ്ങൾ-സംബന്ധിച്ച്.

സൂചന:- ലൈഫ് മിഷൻ ചീഫ് എക്സിക്യൂട്ടീവ് ഓഫീസറുടെ 27/08/2021-ലെ എൽ.എം.5/ലൈഫ് /2021 നമ്പർ കത്ത്.

സംസ്ഥാന സർക്കാർ 2021 ജൂൺ 10-ന് പ്രഖ്യാപിച്ച 100 ദിന കർമ്മ പരിപാടിയുടെ ഭാഗമായി ലൈഫ് ഭവന പദ്ധതിയിൽ നിർമ്മാണം പൂർത്തീകരിച്ച/ പൂർത്തിയാകുന്ന 10,000 വീടുകളുടെ ഗൃഹപ്രവേശനം,/ പൂർത്തീകരണ പ്രഖ്യാപനം 18.09.2021-ന് വൈകുന്നേരം 4 മണിയ്ക്ക് ഓൺലൈനായി നടത്തുന്നതിന് തീരുമാനിച്ചിട്ടുണ്ട്. ഇതോടനുബന്ധിച്ചുള്ള പരിപാടികളുടെ സംഘാടനം സംബന്ധിച്ച് ചുവടെ പറയുന്ന മാർഗ്ഗ നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു.

1. തദ്ദേശസ്ഥാപന തലത്തിൽ (ഗ്രാമപഞ്ചായത്ത്/ മുനിസിപ്പാലിറ്റി/കോർപ്പറേഷൻ) നിർമ്മാണം പൂർത്തീകരിച്ച വീടുകളിൽ ഗൃഹപ്രവേശനം/പൂർത്തീകരണ പ്രഖ്യാപന ചടങ്ങ് ജനപ്രതിനിധികളെയും ഗുണഭോക്തൃ, കുടുംബാംഗങ്ങളേയും ഉൾപ്പെടുത്തി കോവിഡ് പ്രോട്ടോക്കോൾ പാലിച്ച്സംഘടിപ്പിക്കേണ്ടതാണ്.
2. സംസ്ഥാന തലത്തിൽ ഓൺലൈനായി നടത്തുന്ന വീടുകളുടെ പൂർത്തീകരണ പ്രഖ്യാപന ചടങ്ങ് എല്ലാവർക്കും കാണുന്നതിനുള്ള ക്രമീകരണങ്ങൾ കോവിഡ് പ്രോട്ടോക്കോൾ പാലിച്ച തദ്ദേശസ്ഥാപനതലത്തിൽ നടത്തേണ്ടതാണ്.
3. സംസ്ഥാനതല ചടങ്ങിനുശേഷം തദ്ദേശസ്ഥാപനതല ചടങ്ങ് തുടരേണ്ടതാണ്.
4. തദ്ദേശസ്ഥാപനതലത്തിൽ സംഘടിപ്പിക്കുന്ന പരിപാടികളുടെ ഏകോപന ചുമതല ജില്ലാ പഞ്ചായത്ത് പ്രസിഡന്റ്, ജില്ലാ കളക്ടർ എന്നിവരുടെ
   നേതൃത്വത്തിൽ പ്രോജക്ട് ഡയറക്ടർ, ഗ്രാമവികസന വകുപ്പ്/ ഡെപ്യൂട്ടിഡയറക്ടർ, പഞ്ചായത്ത് വകുപ്പ്/ റീജണൽ ജോയിന്റ് ഡയറക്ടർ, നഗരകാര്യ
   വകുപ്പ്/ ജില്ലാ ഇൻഫർമേഷൻ ഓഫീസർ/ ലൈഫ് ജില്ലാ മിഷൻകോ-ഓർഡിനേറ്റർ/ കുടുംബശ്രീ

ജില്ലാ മിഷൻ കോ-ഓർഡിനേറ്റർ എന്നിവർക്കായിരിക്കും.

5. തദ്ദേശസ്ഥാപന അദ്ധ്യക്ഷൻമാർ/ സെക്രട്ടറിമാർ അടിയന്തിരമായി കമ്മിറ്റി വിളിച്ചുചേർത്ത് ടി വിഷയം പ്രത്യേക അജണ്ട വെച്ച് ചർച്ച ചെയ്ത് ആവശ്യമായ തീരുമാനങ്ങൾ കൈക്കൊള്ളണം.
6. ഗ്രാമ പഞ്ചായത്ത്, മുനിസിപ്പാലിറ്റി, കോർപ്പറേഷൻ തലത്തിൽ ആവശ്യമായ പ്രചാരണ പ്രവർത്തനങ്ങൾ ബന്ധപ്പെട്ട തദ്ദേശസ്ഥാപനങ്ങൾ നടത്തേണ്ടതാണ്.
7. ഗൃഹപ്രവേശനം,/പൂർത്തീകരണ ചടങ്ങിൽ പങ്കെടുക്കാൻ താൽപര്യമുള്ള മന്ത്രിമാർ, എം.എൽ.എമാർ, എം.പിമാർ, ജില്ലാ /ബ്ലോക്ക് ജനപ്രതിനിധികൾ എന്നിവരെ പരിപാടിയിൽ ഉൾപ്പെടുത്തേണ്ടതാണ്.
8. പരിപാടിക്ക് ആവശ്യമായ പബ്ലിസിറ്റി പത്രങ്ങളിലൂടെയും ഇതര മാധ്യമങ്ങളിലൂടെയും പി.ആർ.ഡി മുഖേന നടത്തേണ്ടതാണ്.
9. ഓൺലൈനായി സംഘടിപ്പിക്കുന്ന പരിപാടിക്ക് ആവശ്യമായ സാങ്കേതിക സഹായം കേരള സ്റ്റേറ്റ് ഐ.ടി മിഷൻ നൽകുന്നതാണ്.
10. തദ്ദേശസ്ഥാപനതലത്തിൽ ആവശ്യമായ സാങ്കേതിക സഹായം ഇൻഫർമേഷൻ കേരള മിഷൻ നൽകുന്നതാണ്.

ഉത്തരവിൻ പ്രകാരം

Signed by Reenamma P A
Date: 10-09-2021 10:50:04
Reason: Approved

സെക്ഷൻ ഓഫീസർ

സൗരഭ് ജെയിൻ
സെക്രട്ടറി

ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, ലൈഫ് മിഷൻ.

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം

നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം

ഗ്രാമ വികസന കമ്മീഷണർ, തിരുവനന്തപുരം

മേയർ/സെക്രട്ടറി, എല്ലാകോർപ്പറേഷനുകളും( നഗരകാര്യഡയറക്ടർ മുഖേന)

ചെയർമാൻ/സെക്രട്ടറി, എല്ലാമുനിസിപ്പാലിറ്റികളും( നഗരകാര്യഡയറക്ടർ മുഖേന)

പ്രസിഡന്റ്/സെക്രട്ടറി, എല്ലാഗ്രാമപഞ്ചായത്തുകളും(പഞ്ചായത്ത് ഡയറക്ടർ മുഖേന)

എല്ലാ ജില്ലാ കളക്ടർമാർക്കും

എല്ലാജില്ലാപഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും

ഡയറക്ടർ, ഇൻഫർമേഷൻ & പബ്ളിക് റിലേഷൻസ് ഡിപ്പാർട്ട്മെന്റ്

ഡയറക്ടർ, ഐ.റ്റി മിഷൻ

സ്റ്റേറ്റ് പെർഫോർമൻസ് ഓഡിറ്റ് ഓഫീസർ, തിരുവനന്തപുരം

എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ,തിരുവനന്തപുരം

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്), കേരളം, തിരുവനന്തപുരം

അക്കൗണ്ടന്റ് ജനറൽ (എ & ഇ) കേരളം, തിരുവനന്തപുരം.

ഇൻഫർമേഷൻ ഓഫീസർ, വെബ്ബ് &ന്യൂ മീഡിയ വിംഗ്, ഐ&പിആർഡി, തിരുവനന്തപുരം.

കരുതൽ ഫയൽ / ഓഫീസ് കോപ്പി

പകർപ്പ് :

തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്

തദ്ദേശസ്വയംഭരണ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പി.എയ്ക്ക്

തദ്ദേശസ്വയംഭരണ വകുപ്പ് സെക്രട്ടറി (അർബൻ) യുടെ പി.എയ്ക്ക്